

ഉള്ളുലഞ്ഞ്

എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുന്ന സാമൂഹിക പ്രവർത്തക ദയാബായിക്കു പിന്തുണയുമായി മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എത്തിയപ്പോൾ. ആദ്യം കരച്ചിലിൽ തുടങ്ങി പിന്നെ ചിരിയിലേക്കെത്തുന്ന ദയാബായി.

ചിത്രം: മനോജ് ചേമഞ്ചേരി● മനോരമ

# ദയാബായിക്കു പിന്തുണയുമായി കർഷകരും വിദ്യാർഥികളും

- ഉമ്മൻചാണ്ടിയും ചെന്നിത്തലയും ഉൾപ്പെടെ നേതാക്കൾ സന്ദർശിച്ചു
- ഏകാംഗ നാടകവുമായി കെ.ജെ.ബേബി, ഇന്നലെ കരിദിനം ആചരിച്ചു

മനോരമ ലേഖകൻ

തിരുവനന്തപുരം● "ഈ സമരം കാണാൻ മുഖ്യമന്ത്രിയോ പരിവാരങ്ങളോ സെക്രട്ടേറിയറ്റിനകത്ത് ഇല്ലെങ്കിലും മനഃസാക്ഷിയുള്ള കേരളത്തിലെ ജനങ്ങൾ എല്ലാം കാണുന്നുണ്ട്. നൂറുകണക്കിനാളുകളാണു പിന്തുണയുമായി ഇവിടേക്ക് ഒഴുകിയെത്തുന്നത്"- എൻഡോസൾഫാൻ ദുരിതബാധിതരുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം തേടി സെക്രട്ടേറിയറ്റിനു മുന്നിൽ സാമൂഹിക പ്രവർത്തക ദയാബായി നടത്തുന്ന സമരത്തിൽ പങ്കു ചേരാൻ കാസർകോടു നിന്നെത്തിയ കെ.ആർ. ജയപ്രസാദ് എന്ന കർഷകൻ പറയുന്നു.

ഇദ്ദേഹത്തെപ്പോലെ വിവിധ ജില്ലകളിൽ നിന്നായി ഒട്ടേറെ സാധാരണക്കാരും വിദ്യാർഥികളും യുവജനങ്ങളുമെല്ലാം ദയാബായിക്കു പിന്തുണയുമായി സെക്രട്ടേറിയറ്റിനു മുന്നിലെത്തുന്നു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല തുടങ്ങിയവർ ഇന്നലെ സന്ദർശിച്ചു.

അതിജീവനത്തിനായി കേഴുന്ന മനുഷ്യരുടെ ദുഃഖങ്ങൾക്ക് അറുതി വരുത്താൻ ദയാബായി നടത്തുന്ന ധാർമിക സമരത്തിനു മനഃസാക്ഷിയുള്ളവരുടെ പിന്തുണയുണ്ടെന്ന് ഉമ്മൻചാണ്ടി പറഞ്ഞു. സർക്കാർ ഈ സമരം അവഗണിക്കുന്നതു മനുഷ്യത്വമില്ലാത്ത പ്രവൃത്തിയാണ്. എത്രയും വേഗം സമരം ഒത്തുതീർപ്പാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഈ ധർമസമരം അന്തിമ വിജയം നേടുമെന്നു രമേശ് ചെന്നിത്തല പറഞ്ഞു. 2013–ൽ ഉമ്മൻചാണ്ടി സർക്കാർ കാസർകോട് മെഡിക്കൽ കോളജിന് തറക്കല്ലിട്ടെങ്കിലും യാഥാർഥ്യമായിട്ടില്ല. കോവിഡ് കാലത്തു ടാറ്റ ആശുപത്രി തുടങ്ങുമെന്ന് പറഞ്ഞിരുന്നു. അതിനു വേണ്ടി ഈ സർക്കാർ ഒന്നും ചെയ്തില്ല.

താൻ കെപിസിസി പ്രസിഡന്റ് ആയിരിക്കെ കാസർകോട് ജില്ലയുടെ സമഗ്ര പുരോഗതിക്കായി 3 ദിവസത്തെ സ്നേഹസന്ദേശ കാൽനട യാത്ര നടത്തിയിരുന്നു. കാസർകോട് പാക്കേജും പ്രഖ്യാപിച്ചു. ഇടതു സർക്കാർ ഒന്നും നടപ്പാക്കിയില്ല- ചെന്നിത്തല പറഞ്ഞു.

എഴുത്തുകാരനും നാടക പ്രവർത്തകനുമായ കെ.ജെ. ബേബി സമരത്തിന് അഭിവാദ്യമർപ്പിച്ചു 'കുഞ്ഞുമായൻ എന്തായിരിക്കും പറഞ്ഞത്' എന്ന ഏകാംഗ നാടകം അവതരിപ്പിച്ചു. കൊച്ചി തൃക്കാക്കര ഭാരത്മാതാ കോളജിലെ വിദ്യാർഥികൾ തെരുവു നാടകവും ഫ്ലാഷ് മോബും അവതരിപ്പിച്ചു. സമരത്തെ അവഗണിക്കുന്നതിനെതിരെ ഇന്നലെ സമരസമിതിയുടെ ആഹ്വാനപ്രകാരം കരിദിനം ആചരിച്ചു. എം.എം.ഹസ്സൻ, എം.കെ. മുനീർ, വി.എസ്.ശിവകുമാർ, പാലോട് രവി, ബിന്ദു കൃഷ്ണ, ഷിഹാബുദീൻ കാര്യത്ത്, ഫാ.ഡാനിയേൽ വർഗീസ്, സോണിയ ജോർജ്, സാജൻ വേലൂർ, എം.ഷാജർഖാൻ, അമ്പലത്തറ കുഞ്ഞികൃഷ്ണൻ എന്നിവർ പ്രതിഷേധ പരിപാടികളിൽ പ്രസംഗിച്ചു. സമരം ഇന്നു 10-ാം ദിവസത്തിലേക്കു കടക്കുകയാണ്.

നടൻ കാരവാടം